LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂൺ 28, തിങ്കൾ

വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2004 ജൂൺ മാസം 28-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ..... ചോദ്യം നമ്പർ 1

വ്യക്ക തട്ടിപ്പിനെക്കുറിച്ച് അന്വേഷണം

*1 [1] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. രാജു എബ്രഹാം:
„ വി. ചെന്താമരാക്ഷൻ:
„ പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്ന വ്യക്ക തട്ടിപ്പിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതു രീതിയിലുള്ള അന്വേഷണമാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എന്നാണ് സമർപ്പിച്ചത്; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് എന്നാണ്; റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ഡി) പോലീസ് നടത്തിയ അന്വേഷണ റിപ്പോർട്ട് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ എന്നാണ് കൈമാറിയതെന്ന് വെളിപ്പെടുത്തുമോ;

(ഇ) റിപ്പോർട്ടിൻമേൽ ആരോഗ്യ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ,

(എ) അന്വേഷണം നടത്തിയിട്ടുണ്ട്. വകുപ്പുതല അന്വേഷണവും പോലീസ് അന്വേഷണവും നടത്തിയിട്ടുണ്ട്.

(ബി) വൃക്ക തട്ടിപ്പിനെ സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന് ലഭിച്ച പരാതി കമ്മീഷന്റെ പരിഗണനയിലാണ്. ഇതിന്മേൽ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) ഉണ്ട്. 2002 ജൂലായ് മാസം റിപ്പോർട്ട് ആഭ്യന്തര വകുപ്പിനും പിന്നീട് ആയത് 2002 ഒക്ടോബർ മാസത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനും ലഭിച്ചു. പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്നു കണ്ടവർക്കെതിരെ കോഴിക്കോട് ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ അപ്രോപ്രിയേറ്റ് അതോറിറ്റി എന്ന നിലയിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാൻ വിരോധമില്ല.

(ഡി) 2002 നവംബർ മാസത്തിൽ റിപ്പോർട്ട് കൈമാറിയിട്ടുണ്ട്.

(ഇ) കുറ്റക്കാരെന്നു കണ്ടെത്തിയവർക്കെതിരെ അപ്രോപ്രിയേറ്റ് അതോറിറ്റി എന്ന നിലയിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ കോഴിക്കോട് ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഒരു വൃക്ക ദാതാവ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് നിലവിലുണ്ട്. സംസ്ഥാന സർക്കാർ ഈ കേസിൽ എതിർ സത്യവാങ്മൂലം നൽകി. കേസിൽ വിധി ആയിട്ടില്ല.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഒരു ഗവൺമെന്റിന്റെ അനാസ്ഥയും പിടിപ്പുകേടും എത്രത്തോളമാണെന്ന് സൂചിപ്പിക്കുന്ന മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് ലഭിച്ചിട്ടുള്ളത്. ചതിപ്രയോഗത്തിലൂടെ ആദിവാസികളുൾപ്പെടെയുള്ള നൂറു കണക്കിന് ആളുകളുടെ വൃക്ക അപഹരിക്കുകയും കച്ചവടം നടത്തുകയും ചെയ്യുന്ന ഒരു ഭീകര റാക്കറ്റ് കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയിട്ടും, ബഹുമാനപ്പെട്ട ഐ.ജി. ജേക്കബ് പുന്നൂസിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടും അതിൻമേൽ ഒരു നടപടിയും എടുക്കാതെ അനന്തമായി നീട്ടിക്കൊണ്ടു പോകുന്നത് കുറ്റവാളികൾക്ക് ഭരണകക്ഷിയിലുള്ള സ്വാധീനമല്ലേ വ്യക്തമാക്കുന്നത്? അതുകൊണ്ടല്ലേ നടപടി എടുക്കാതെ അനന്തമായി നീട്ടിക്കൊണ്ടു പോകുന്നത് എന്നറിയാൻ താൽപ്പര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഒരു ആരോപണം പറഞ്ഞതാണ്. ചോദ്യമല്ല. ഞങ്ങൾ എന്തു ചെയ്തില്ല എന്നാണ് പറയുന്നത്.

മി. സ്പീക്കർ: ചോദ്യോത്തര സമയത്ത് അതു പാടില്ല എന്നാണ്.

ശ്രീ. കടവൂർ ശിവദാസൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു പരാതി ഇടുക്കി ജില്ലയെ സംബന്ധിച്ച് വരുകയും അദ്ദേഹം അത് പോലീസിന് നൽകുകയും പോലീസ് വിശദമായി അന്വേഷിക്കുകയും അതിനെപ്പറ്റി റിപ്പോർട്ട് തരുകയും അത് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് വരുകയും വിജിലൻസ് ഡെപ്യൂട്ടി ഡയറക്ടർ അതിനെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് തരുകയും ചെയ്തു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപ്രോപ്രിയേറ്റ് അതോറിറ്റിയാണ് കേസ് കൊടുക്കേണ്ടത്. അവർ മജിസ്ട്രേറ്റ് കോടതിയിൽ കേസ് കൊടുക്കുകയും മജിസ്ട്രേട്ട് കോടതി അത് പ്രൊസീഡ് ചെയ്യുകയും ചെയ്തു. അതിനെ സംബന്ധിച്ച് ഹൈക്കോടതിയിൽ ഒരാൾ ഒരു കേസ് കൊടുക്കുകയും ഹൈക്കോടതിയിൽ അതിന്റെ ഫർതർ പ്രൊസീഡിംഗ്സ് സ്റ്റേ ചെയ്യുകയും ചെയ്തു എന്നുള്ളതാണ് ഇതിലെ വസ്തുത. ഇനി അതെല്ലാം നീങ്ങുമ്പോൾ ഗവൺമെന്റ് വളരെ വിജിലന്റായി ഈ കാര്യത്തിൽ നടപടി എടുക്കാൻ തയ്യാറാണ്. അതിന്റെ റിപ്പോർട്ട് ഇവിടെ ഹാജരാക്കാമെന്നും ഞാൻ പറഞ്ഞു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, വളരെ വിജിലന്റായി നടപടി എടുക്കാൻ തയ്യാറാണെന്നുള്ളതിൽ സന്തോഷമുണ്ട്. ഇതുമായി ബന്ധപ്പെട്ട് മറ്റൊരു ചോദ്യം ഉള്ളത്, വൃക്ക മാറ്റിവയ്ക്കപ്പെട്ട് ജോലി ചെയ്യാൻപോലും സാധിക്കാതെ ജീവച്ഛവമായി മാറിയിട്ടുള്ള നൂറു കണക്കിന് പാവപ്പെട്ട ആളുകൾക്ക് ഗവൺമെന്റ് നഷ്ടപരിഹാരവും സാമ്പത്തിക സഹായവും നൽകാൻ തയ്യാറാണോ?

ശ്രീ. കടവൂർ ശിവദാസൻ: സർ, വൃക്ക തട്ടിപ്പ് എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ അസംപ്ഷനാണ്. നിയമപ്രകാരം അപ്രോപ്രിയേറ്റ് അതോറിറ്റി ഇവരെ പരിശോധിച്ച് ഇവരുടെ മൊഴി വാങ്ങിച്ച് അന്വേഷണം നടത്തും. ബന്ധുക്കളാണെങ്കിൽ ഒന്നും ചെയ്യേണ്ട കാര്യമില്ല. അല്ലാത്തവരുടെ കേസ് നിയമപ്രകാരം ചെയ്തതാണ്. അതിൽ ഗവൺമെന്റിന് ഒരു പങ്കുമില്ല. ഇതൊരു പ്രത്യേക ലെജിസ്ലേഷൻ ആണ്. Transplantation of human organs ഉണ്ട്. ഇതെങ്ങനെ ചെയ്യണമെന്നുള്ളതിന് പ്രൊസീഡുവർ ഉണ്ട്. ആ പ്രൊസീഡുവർ നടത്തിയിട്ടില്ലായെന്ന് ആരും ഇതുവരെ ആരോപണം നടത്തിയിട്ടില്ല. പോലീസും അന്വേഷിച്ചിട്ടില്ല. ഡിപ്പാർട്ടുമെന്റൽ എൻക്വയറിയിലും പത്രങ്ങളിലുമില്ല. ആ പ്രൊസീഡുവർ ഗവൺമെന്റോ മന്ത്രിയോ അല്ല ചെയ്യുന്നത്. അത് ചെയ്യുന്നത് ഡോക്ടേഴ്സാണ്. ന്യൂറോളജി പ്രൊഫസറും പ്രിൻസിപ്പൽമാരുമൊക്കെയുണ്ട്. അതിലൊന്നും ഗവൺമെന്റിന് ഒരു കാര്യവുമില്ല. കുഴപ്പമുണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ അന്വേഷിക്കാം. ഇതിലാരുടെ പേരിൽ വേണമെങ്കിലും അന്വേഷിക്കാം, കേസെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം: സർ, മദ്ധ്യമേഖലാ ഡി.ഐ.ജി., മനുഷ്യാവകാശ കമ്മീഷൻ, എ.ഡി.ജി.പി., തൊടുപുഴ ഡിവൈ.എസ്.പി. എന്നിവരെല്ലാം നടത്തിയിട്ടുള്ള അന്വേഷണത്തിൽ ഇപ്പോൾ അങ്ങു പറഞ്ഞ ആക്ടിന് വിരുദ്ധമായിട്ടാണ് ഏതാണ്ട് 121 കേസുകൾ കോഴിക്കോട് ഒരാശുപത്രിയിൽ വൃക്ക മാറ്റിവയ്ക്കൽ പ്രക്രിയയുമായി ബന്ധപ്പെട്ട് നടന്നിരിക്കുന്നത്. ഇത്ര ഗുരുതരമായിട്ടുള്ള ആക്ഷേപം വന്നിട്ടും കോഴിക്കോട് ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ ഒരു നിരോധിക്കപ്പെട്ട കേസിന്റെ പുറത്താണ് അങ്ങ് ഇപ്പോൾ മറുപടി പറഞ്ഞു കൊണ്ടിരിക്കുന്നത്. സംസ്ഥാനമൊട്ടാകെ വ്യാപിച്ചുകിടക്കുന്ന ആദിവാസികളുൾപ്പെടെ കബളിപ്പിക്കപ്പെട്ടിരിക്കുന്ന ഈ അവസ്ഥയിൽ ഉന്നതമായ ഒരന്വേഷണത്തിന് എന്തു കൊണ്ട് അങ്ങയുടെ ഗവൺമെന്റ് മുൻകൈ എടുക്കുന്നില്ല?

ശ്രീ. കടവൂർ ശിവദാസൻ: സർ, ഇടുക്കി ജില്ലയെ സംബന്ധിച്ചാണ് പരാതി വന്നത്. അതിന്മേൽ നടപടി എടുത്തിട്ടുണ്ട്. അങ്ങൊരു പരാതി ഉന്നയിച്ചാൽ അതിനെ സംബന്ധിച്ച് രാജ്യം മുഴുവൻ ഉള്ള കാര്യം എങ്ങനെ പറയും. ഇതൊക്കെ നിയമപ്രകാരം നടക്കുന്ന കാര്യങ്ങളാണ്. ഇതിനായി ഹോസ്പിറ്റലുകളുണ്ട്, ഡോക്ടേഴ്സുണ്ട്. ആരേയും പീഡിപ്പിക്കൽ അല്ല സർക്കാരിന്റെ ജോലി. ഒരു പരാതി വന്നാൽ ഉത്തരവാദപ്പെട്ടവരെക്കൊണ്ട് അത് അന്വേഷിക്കും. അങ്ങ് ശ്രീ. ജേക്കബ് പുന്നൂസിനെക്കുറിച്ച് പറഞ്ഞു. മനുഷ്യാവകാശ കമ്മീഷനിൽ, അതിന്റെ പേരിൽ ഗവൺമെന്റിന് ഒരു നിയന്ത്രണമില്ല. അത് സെപ്പറേറ്റാണ്. മനുഷ്യാവകാശ കമ്മീഷന് അവരുടെ പോലീസുണ്ട്. ആ പോലീസിലാണ് ജേക്കബ് പുന്നൂസ്. ഇതുമായി ബന്ധമില്ലെങ്കിൽപ്പോലും ഞാൻ അവരുടെ റിപ്പോർട്ട് ആവശ്യപ്പെട്ടു. അവർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇനി കൂടുതൽ ചോദ്യം ഒഴിവാക്കാൻവേണ്ടി വിശദീകരണക്കുറിപ്പ് ഞാൻ വായിച്ചുതരാം. ഇതു സംബന്ധിച്ചുള്ള പരാതിയിൻമേൽ മനുഷ്യാവകാശ കമ്മീഷന്റെ അന്വേഷണ വിഭാഗം സമർപ്പിച്ച റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് കമ്മീഷനാണ്. കമ്മീഷന്റെ ശുപാർശയാണ് സർക്കാരിന് നൽകുന്നത്. 1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമത്തിലെ 21-ാം വകുപ്പുപ്രകാരം ശരിയായ രീതിയിൽ കമ്മീഷൻ രൂപീകരിക്കുന്നതുവരെ മനുഷ്യാവകാശ കമ്മീഷനിലെ ഇപ്പോഴത്തെ അംഗങ്ങളെ കമ്മീഷനിൽ പ്രവർത്തിക്കുന്നതിൽ നിന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിലക്കിയിരിക്കുന്നതിനാൽ ഈ പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. പത്രങ്ങളിലൊക്കെ വരും. അത് എടുക്കാനോ നോക്കാനോ ഗവൺമെന്റിന് യാതൊരു അധികാരവുമില്ല. ആ സ്റ്റേജ് ആയിട്ടില്ല. അവർ റിപ്പോർട്ട് അയച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് മനസ്സിലായിക്കാണുമെന്ന് വിചാരിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ജനങ്ങൾ ആശങ്കയിലാണ്. മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ട് വൃക്ക കച്ചവടക്കാർ വിലയ്ക്കു വാങ്ങിക്കൊണ്ടു പോകുകയാണ്. വൃക്ക കച്ചവടക്കാരുടെ വാഹനങ്ങളിൽ മന്ത്രിമാർ യാത്ര ചെയ്യുന്നു എന്ന് പത്രങ്ങളിൽ ചിത്രം സഹിതം അച്ചടിച്ചുവന്നിട്ടുണ്ട്. ഓപ്പറേഷൻ തിയേറ്ററിൽ പോകുന്ന ആളുകൾ ഇന്ന് ഭയപ്പാടിലാണ്. കാരണം ഓപ്പറേഷൻ കഴിഞ്ഞുവരുമ്പോൾ അവരുടെ വയറ്റിൽ വൃക്കയുണ്ടോ എന്ന് ഇപ്പോൾ ഉറപ്പില്ലാത്ത അവസ്ഥയാണ്.

ഈ സാഹചര്യത്തിൽ ഓപ്പറേഷൻ തീയേറ്ററിൽ പോകുന്ന ആളുകൾക്ക് തിരിച്ചു വരുമ്പോൾ ഉള്ളിൽ വൃക്കയുണ്ടാകുമെന്ന് ഉറപ്പാക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കടവൂർ ശിവദാസൻ: സർ, ആരോഗ്യരംഗത്ത് ഇത്രയും ഭീതിജനകമായ സാഹചര്യം ഉണ്ടാകത്തക്ക രീതിയിൽ ഒരു അലിഗേഷൻ നിയമസഭയുടെ മറവിൽ ചെയ്യുന്നതുതന്നെ നമ്മുടെ രാജ്യത്തിന്റെ ആരോഗ്യപരമായ നിലനിൽപ്പിന് നല്ലതല്ല എന്നു ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അങ്ങനെയൊരു ഭയവുമില്ല. ഇവിടെ ആയിരക്കണക്കിന് ഓപ്പറേഷൻ നടക്കുന്നുണ്ട്. ഓരോ ഡിസ്ട്രിക്റ്റ് ആശുപത്രികളിലും പതിനായിരക്കണക്കിന് ആളുകൾ വരുന്നുണ്ട്. ഒരു കുഴപ്പവുമില്ല. ഇതെല്ലാം അങ്ങയുടെ സംശയം മാത്രമായിരിക്കാം.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, 1994-ലെ മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കൽ നിയമപ്രകാരം ബന്ധുക്കൾക്കും വേണ്ടപ്പെട്ട ആളുകൾക്കും മാത്രമാണ് മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കുന്നതിനുവേണ്ടി കൊടുക്കാൻ കഴിയുന്നത്. ഇവിടെ വളരെ വ്യക്തമായി, ദാരിദ്ര്യം അനുഭവിക്കുന്ന പാവപ്പെട്ട ആളുകളെ പ്രലോഭിപ്പിച്ച് പണം വാങ്ങിച്ച് അവരുടെ അവയവങ്ങൾ എടുത്ത് ശസ്ത്രക്രിയ നടത്തി എന്ന് വളരെ വ്യക്തമായി ബോദ്ധ്യപ്പെട്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ ഗുരുതരമായ കുറ്റം ചെയ്ത ഡോക്ടർമാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ശ്രീ. കടവൂർ ശിവദാസൻ: സർ, ഈ ചോദ്യം തന്നെ തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലുള്ളതാണ്. ട്രാൻസ്പ്ലാന്റേഷൻ ആക്ടിലെ വ്യവസ്ഥകൾ ഞാൻ വായിക്കാം. അതിനെതിരായിട്ടാണ് ചോദ്യം ചോദിക്കുന്നത്. Transplantation of Human Organs, 1994, ബന്ധുക്കൾക്കു മാത്രം എന്നുള്ള അങ്ങയുടെ അലിഗേഷൻ ആ അസംപ്ഷനിലാണ് പറയാനിടയായത്. ഇതിന്റെ ക്ലാസ് 9, സബ് സെക്ഷൻ 3-ലാണ് ഇതിനെപ്പറ്റി പറയുന്നത്. If the donor authorizes the removal of any of his human organs before his death under sub-section (1) of Section 3 for transplantation into body of such recipient not being a near relative as is specified by the donor.....അതായത് റിലേറ്റീവാണെങ്കിൽ ഈ കമ്മിറ്റിയിൽ പോകുകയോ അവരുടെ അഭിപ്രായമോ അവരുടെ റെക്കമെന്റേഷനോ ആവശ്യമില്ല. അതുകൊണ്ടും നിൽക്കുന്നില്ല. ബാക്കിയെല്ലാവർക്കും കൊടുക്കാം. അതിന് ഇതിൽ വ്യവസ്ഥയുണ്ട്. എന്നാൽ.....by the donor by reason of affection or attachment towards the recipient or for any other special reasons, such human organ shall not be removed and transplanted without the prior approval of the authorisation committee—കൊടുക്കാവുന്നതാണ്. അപ്പോൾ രണ്ടു തരത്തിലാണ്. ബന്ധുക്കൾക്ക് കൊടുക്കാം. ഇതിൽ പറഞ്ഞിരിക്കുന്ന എട്ടു വിഭാഗത്തിൽപ്പെടുന്ന ബന്ധുക്കളുണ്ട്. Near relatives-ന് കൊടുക്കാം. Near relatives ഇതിൽ ഡിഫൈൻ ചെയ്തിട്ടുണ്ട്. അല്ലാത്തവർക്ക് affection-ന്റെ പേരിൽ for special reasons, മനുഷ്യസ്നേഹപരമായ കാര്യങ്ങൾകൊണ്ടും കൊടുക്കാം. അങ്ങനെ കൊടുക്കുമ്പോൾ ആക്ടിൽ പറഞ്ഞിരിക്കുന്ന ഒരു കമ്മിറ്റിയുടെ അംഗീകാരം വേണം. അംഗീകാരം വാങ്ങിയാണ് ഇതെല്ലാം ചെയ്തിരിക്കുന്നത്. അതിന് യാതൊരു കുഴപ്പവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ: എന്റെ ചോദ്യം ഞാൻ വീണ്ടും ആവർത്തിക്കുകയല്ല, ബന്ധപ്പെട്ടവർക്കും വേണ്ടപ്പെട്ട ആളുകൾക്കും കൊടുക്കാമെന്നാണ്, അതല്ലാത്ത ആളുകൾക്കും ഇവിടെ കൊടുത്തിരിക്കുന്നു. നിയമത്തെ വ്യാഖ്യാനിച്ച് തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിലുള്ള നടപടികൾ സ്വീകരിച്ചു, അതിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്നു ചോദിക്കുമ്പോൾ അതിനെ വീണ്ടും വ്യാഖ്യാനിക്കുന്നതിൽ വലിയ അർത്ഥമില്ല. എന്റെ അടുത്ത ചോദ്യം, ഇന്ന് കേരളത്തിലെ ആരോഗ്യ മേഖലയിൽ ഉയർന്നുവന്നിട്ടുള്ള ഗുരുതരമായ പ്രശ്നത്തിന്റെ പ്രതീകമെന്നുള്ള നിലയിലാണ് മനുഷ്യ അവയവങ്ങളുൾപ്പെടെ കച്ചവടം ചെയ്യുന്ന വിധത്തിൽ വന്നിട്ടുള്ളത്. അതുകൊണ്ട് ഇന്ന് കേരളത്തിലെ ആരോഗ്യമേഖലയിലെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കച്ചവടം ചെയ്യുന്നതിനാവശ്യമായ.....

മി. സ്പീക്കർ: ആ നടപടിക്രമങ്ങൾ പാലിച്ചാണ് ഓപ്പറേഷൻ നടന്നിട്ടുള്ളതെന്ന് അദ്ദേഹം പറഞ്ഞു, അതല്ലെന്ന് കംപ്ലൈന്റുണ്ടോ, ഉണ്ടെങ്കിൽ ആ ചോദ്യം ചോദിക്കൂ. It is an important issue. അതുകൊണ്ട് അതിന്റെ violation ഉണ്ടെങ്കിൽ ചോദിക്കൂ.

ശ്രീ. വി. ചെന്താമരാക്ഷൻ: എന്റെ ആദ്യത്തെ ചോദ്യം തന്നെ അതാണ്. ബന്ധുക്കൾക്കും വേണ്ടപ്പെട്ടയാളുകൾക്കും കൊടുക്കാം എന്നാണ് 1994-ലെ മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കൽ നിയമം അനുശാസിക്കുന്നത്. അതിനു വിരുദ്ധമായി കേരളത്തിൽ നടന്നിട്ടുണ്ട്, അതിന് എന്തു നടപടി സ്വീകരിച്ചു?

മി. സ്പീക്കർ: അതില്ലെന്ന് അദ്ദേഹം പറയുന്നു, അതല്ലെങ്കിൽ ഒരു instance പറയൂ?

ശ്രീ. വി. ചെന്താമരാക്ഷൻ: കേരളത്തിലെ പത്രമാധ്യമങ്ങളിൽ വലിയ തലക്കെട്ടു പിടിച്ചു പറ്റിയവിധത്തിൽ ഇതുസംബന്ധിച്ച് വളരെയധികം വാർത്തകൾ വന്നിട്ടുണ്ട്, എന്നിട്ട് ഒന്നുമില്ലെന്നു പറഞ്ഞ് രക്ഷപ്പെടുന്നതിൽ അർത്ഥമില്ല.

മി. സ്പീക്കർ: ഒരു instance ചോദിക്കൂ.

ശ്രീ. വി. ചെന്താമരാക്ഷൻ: എന്റെ രണ്ടാമത്തെ ചോദ്യം, കേരളത്തിലെ വിദ്യാഭ്യാസമേഖല, ആരോഗ്യമേഖല കച്ചവടവൽക്കരിക്കപ്പെട്ടിരിക്കുകയാണ്. ലക്ഷക്കണക്കിന് രൂപ കൊടുത്ത് കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിൽ പോയി വിദ്യാഭ്യാസം കഴിഞ്ഞു വന്നിട്ടുള്ള ഡോക്ടർമാർ കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് തുടങ്ങിയിട്ടുള്ള പഞ്ചനക്ഷത്ര ആശുപത്രികളിൽ, ഇങ്ങനെ കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നതിന്റെ പലിശയെങ്കിലും കിട്ടണമെന്നുള്ള ലക്ഷ്യം വച്ചുകൊണ്ട് എന്തു വൃത്തികെട്ട ഹീനമായ നടപടികളും സ്വീകരിക്കുന്നതിനുവേണ്ടി കേരളത്തിലെ മെഡിക്കൽ മേഖലയിൽ പണിയെടുക്കുന്ന ആളുകൾ തയ്യാറായിരിക്കുകയാണ്. അത് പ്രോത്സാഹിപ്പിക്കുന്ന കേരള ഗവൺമെന്റിന്റെ മെഡിക്കൽ വിദ്യാഭ്യാസ നയം തിരുത്തുന്നതിനാവശ്യമായ നടപടി ഈ അനുഭവത്തിന്റെ വെളിച്ചത്തിൽ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ: ഇത് അവാസ്തവമാണെന്നുള്ളതുകൊണ്ട് ഞാനതിനെ അതിശക്തമായി നിഷേധിക്കുന്നു. മനുഷ്യന്റെ ചികിത്സയുടെ ഒരു പ്രധാനപ്പെട്ട ഭാഗമാണ് വൃക്ക മാറ്റിവയ്ക്കൽ. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ അത്ഭുതകരമായ വളർച്ചയുടെ ഫലമായി ജനങ്ങൾക്കു കിട്ടിയ ഒരു വരദാനമാണത്. അത് എങ്ങനെ ചെയ്യണമെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ആക്ടിൽ പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് ഇവിടെയും നടന്നുവന്നു, അതിനെപ്പറ്റി മുഖ്യമന്ത്രിക്ക് പരാതി വന്നു, അദ്ദേഹം അത് അന്വേഷിച്ചു, ആ അന്വേഷണത്തിന്റെ റിപ്പോർട്ടുണ്ട്, അതിന്റെ പേരിൽ കേസ് കൊടുത്തു, ഹൈക്കോടതി അത് സ്റ്റേ ചെയ്തിരിക്കുകയാണ്. അതിൽ ചില ക്രമക്കേടുകളൊക്കെയുണ്ടെന്ന് പോലീസ് പറഞ്ഞിട്ടുണ്ട്, അത് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു, അതെടുത്ത് എന്തുവേണമെങ്കിലും ചെയ്യാം.

ശ്രീ. പി. സി. ജോർജ്ജ്: ബഹുമാനപ്പെട്ട അങ്ങ് എല്ലാ ചോദ്യങ്ങൾക്കും സഭയിൽ ഉത്തരം പറഞ്ഞു എന്നുള്ളത് നന്ദിയോടുകൂടിത്തന്നെ കാണുകയാണ്. 1994-ലെ കേന്ദ്ര ഗവൺമെന്റിന്റെ അവയവ മാറ്റിവയ്ക്കൽ നിയമപ്രകാരം അടുത്ത ബന്ധുക്കൾ എന്നുള്ള ഉത്തരം പറഞ്ഞതിൽ വിദേശ രാജ്യങ്ങളിൽ നിന്നുള്ള ആളുകൾ കോഴിക്കോട് കേന്ദ്രമായി വന്ന് ഇടുക്കി ജില്ലയിലെ പൂമാലിയിലെ ആദിവാസികളുടെ വൃക്ക ശേഖരിക്കുന്നത് ഏതു ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ്? എനിക്ക് അതു മനസ്സിലാക്കാൻ കഴിയുന്നില്ല. വളരെ വ്യക്തമായി ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് ബോദ്ധ്യമായിട്ടുണ്ട്, ബഹുമാനപ്പെട്ട മന്ത്രിയുടെ മനഃസാക്ഷി അംഗീകരിക്കുമെങ്കിൽ അദ്ദേഹത്തിനും ബോദ്ധ്യമുണ്ട്, അങ്ങ് ഇവിടെ പറഞ്ഞുപോലെ നിയമവിരുദ്ധമായി പണം വാങ്ങിക്കൊണ്ട് പാവപ്പെട്ട ജനങ്ങളുടെ വൃക്ക കച്ചവടം ചെയ്യുന്ന പരിപാടിയാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. അങ്ങ് ഇവിടെ ചോദിച്ചതുകൊണ്ട് ഞാനൊരു ഉദാഹരണം പറയുന്നു, തൃശ്ശൂർ വെസ്റ്റ്ഫോർട്ട് ആശുപത്രിയിൽ 2001 ജൂലായ് 27, ആഗസ്റ്റ് 25, നവംബർ 17, ഡിസംബർ 31 എന്നീ തീയതികളിൽ നടന്ന വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളിൽ വൃക്ക നൽകിയത് കേരളത്തിന് പുറത്തുള്ളവർക്കായിരുന്നു.

Mr. Speaker: Put the question.....You cannot read anything in the question hour, No.....No.....You can ask a question.....

ശ്രീ. പി. സി. ജോർജ്ജ്: ഞാൻ പേരു പറയുകയാണ്, നാഗരാജൻ—തിരുപ്പൂർ, ജ്യോതികുമാർ—കോയമ്പത്തൂർ, ചിത്ര—കോയമ്പത്തൂർ, ഗോവിന്ദരാജ്—തമിഴ്നാട് എന്നിവർ വൃക്ക സ്വീകരിച്ചിരിക്കുന്നു. ഇവർ സംസ്ഥാനത്തിന് പുറത്തുള്ളവരാണ്, കേരളത്തിനു പുറത്ത് വേറൊരു ആശുപത്രിയും ഇല്ലാത്തതുകൊണ്ടാണോ കോഴിക്കോട് വന്ന് വൃക്ക സ്വീകരിക്കാൻ വരാനും ഇവിടെ കൊടുക്കാനും തയ്യാറായത്? എന്തുകൊണ്ടാണ് ഈ കാര്യം അന്വേഷിക്കാൻ അങ്ങ് തയ്യാറാകാത്തത്?

ശ്രീ. കടവൂർ ശിവദാസൻ: ഇതൊരു Question of treatment ആണ്. കേരളത്തിലുള്ള ജനങ്ങൾ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പോയി ചികിത്സ നടത്തുന്നു. അവിടെയുള്ള ആളുകൾ ഇവിടെ വരുന്നു, വിദേശികൾ ഇവിടെവന്ന് പഞ്ചകർമ്മ ചികിത്സ നടത്തുന്നു, നമ്മൾ അവിടെ പോയി ചികിത്സിക്കുന്നു.

അതുപോലെ ഒരു ചികിത്സ മാത്രമാണിത്. വിശ്വാസമുള്ള ഡോക്ടർമാരെക്കൊണ്ട് വിശ്വാസമുള്ള ആശുപത്രികളിൽ ചെയ്യണം, അതതു സംസ്ഥാനങ്ങളിൽ തന്നെ ചെയ്യണമെന്നൊന്നും ഈ ആക്ടിൽ ഒരു നിരോധനവുമില്ല. ഈ ആക്ടിൽ മൂന്നേ മൂന്ന് കണ്ടീഷനുകൾ മാത്രമേ പറയുന്നുള്ളു.....By reason of affection or attachment towards the recipient or for any other special reasons..... എന്നാണ്. ഈ കമ്മിറ്റികൾ ഇത് അനുവദിച്ചതിനെല്ലാം ഇതിൽ ഏതെങ്കിലുമൊരു കാര്യമോ എല്ലാ കാര്യങ്ങളുമോ ഉണ്ടോയെന്ന് സർട്ടിഫൈ ചെയ്തിട്ടുണ്ട്. പക്ഷേ ആ സർട്ടിഫിക്കറ്റ് നിങ്ങൾക്ക് ചലഞ്ച് ചെയ്യാം. അങ്ങനെ സർട്ടിഫൈ ചെയ്യുന്നതിനെപ്പറ്റി ഗവൺമെന്റ് അന്വേഷിക്കാൻ തയ്യാറാണ്. എന്തെങ്കിലും കുറ്റമുണ്ടെന്നു തെളിഞ്ഞാൽ അവർക്കെല്ലാവർക്കുമെതിരായി കേസ്സെടുക്കാനും ഗവൺമെന്റ് തയ്യാറാണ്. അങ്ങനെ ആകെ ഒരു കേസ് മാത്രമേ വന്നിട്ടുള്ളൂ, അത് എടുക്കുകയും ചെയ്തിട്ടുണ്ട്, അതിന്റെ ഫർദർ അന്വേഷണം സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്ജ്: ഉത്തരം വളരെ സുഖകരമാണ്. പക്ഷേ ഒരു കാര്യം ഈ സംസ്ഥാനത്തെ ജനങ്ങളുടെ മുമ്പിലുണ്ട്. സാംസ്കാരിക കേരളത്തിനു തന്നെ അപമാനമുണ്ടാക്കുന്ന വൃക്ക കച്ചവടം കേരളത്തിൽ നടന്നിട്ടുണ്ട്. വൃക്ക കൊടുക്കുന്ന ആളിന് വൃക്ക വാങ്ങുന്ന ആളിൽ നിന്നും പണം വാങ്ങി കൊടുക്കുന്നത് ഒരു ഡോക്ടറാണ്. ആ ഡോക്ടറുടെ നേതൃത്വത്തിലാണ് വൃക്കയുടെ ശസ്ത്രക്രിയ നടക്കുന്നത്. ഇത്തരം വൃത്തികെട്ട സംഭവവികാസങ്ങൾ കേരള സംസ്ഥാനത്തുണ്ടായിട്ട് അതിനെയെല്ലാം വെള്ളപൂശിക്കൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയെപ്പോലുള്ള ഒരാൾ ഇങ്ങനെ പറയുന്നത് ശരിയല്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഐ.ജി. ജേക്കബ് പുന്നൂസ് ഇന്ന് മനുഷ്യാവകാശ കമ്മീഷനിൽ.....

Mr. Speaker: No.....No.....What is your question? You put the question.

ശ്രീ. പി. സി. ജോർജ്ജ്: മനുഷ്യാവകാശ കമ്മീഷനിലെ ഐ.ജി. ശ്രീ. ജേക്കബ് പുന്നൂസിന്റെ അന്വേഷണ റിപ്പോർട്ട്, കമ്മീഷൻ അത് അംഗീകരിച്ചില്ലെങ്കിൽപ്പോലും ഒരു ഐ.ജി. എന്ന നിലയിൽ അദ്ദേഹം നിഷ്പക്ഷമായി നടത്തിയ റിപ്പോർട്ടിന്റെ കോപ്പി സഹിതം ഒരു മനുഷ്യാവകാശ പ്രവർത്തകൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്കും ഇതിന്മേൽ നടപടി സ്വീകരിക്കണമെന്നു പറഞ്ഞ് പരാതി നൽകിയിട്ടുണ്ട്, ആ പരാതിയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: അങ്ങ് പറയുന്ന പ്രവൃത്തി അങ്ങ് എം.എൽ.എ. ആയിരിക്കുമ്പോൾ ചോദിക്കാമെന്നല്ലാതെ അങ്ങ് മന്ത്രിയായാൽ അങ്ങേയ്ക്കും നിയമവിരുദ്ധമായി ഈ നടപടി ചെയ്യാൻ പറ്റില്ല. മനുഷ്യാവകാശ കമ്മീഷൻ ഒരു Separate Authority ആണ്. അവരുടെ പോലീസ് ആഫീസറാണ് ശ്രീ. ജേക്കബ് പുന്നൂസ്, അദ്ദേഹം അവിടെ റിപ്പോർട്ട് കൊടുത്തു, അതവർ അംഗീകരിക്കുമ്പോൾ, അത് ഗവൺമെന്റിലേക്ക് റിപ്പോർട്ടായിട്ടുവരുമ്പോൾ നിശ്ചയമായും ഞങ്ങൾ ആക്ട് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ് അച്ചുതാനന്ദൻ: സർ, വൃക്ക തട്ടിപ്പു സംബന്ധിച്ച വളരെ അധികം അന്വേഷണം നടന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. വകുപ്പുതല അന്വേഷണം, പോലീസ് അന്വേഷണം, ഐ.എം.എ. അന്വേഷണം, മനുഷ്യാവകാശ കമ്മീഷന്റെ അന്വേഷണം തുടങ്ങിയവയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മനുഷ്യാവകാശ കമ്മീഷന്റെ ഉള്ളിലേക്ക് നമ്മൾ കടന്നുചെല്ലാൻ പാടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ പോലീസിന്റെ അന്വേഷണത്തെ സംബന്ധിച്ച് 2003 ജനുവരി 28-ാം തീയതി 15-ാം നമ്പർ starred ചോദ്യത്തിന് ഉത്തരമായി വകുപ്പുമന്ത്രി പറഞ്ഞത് പോലീസ് അന്വേഷണ റിപ്പോർട്ടിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നൽകിയ അഭിപ്രായം സർക്കാർ പരിശോധിച്ചുവരികയാണെന്നാണ്. റിപ്പോർട്ട് പഠിച്ചു കഴിഞ്ഞോ? കഴിഞ്ഞുവെങ്കിൽ വൃക്ക തട്ടിപ്പിനു കൂട്ടുനിന്ന ഡോക്ടർമാർക്കെതിരായോ ആശുപത്രിക്കെതിരായോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഇപ്പോഴും പഠനമാണ്, 2001-ൽ തുടങ്ങിയ പഠനം എവിടം വരെയയായി?

ശ്രീ. കടവൂർ ശിവദാസൻ: ഇത്രയും നേരം പറഞ്ഞിട്ടും ഇങ്ങനെ ചോദിച്ചാൽ ഞാൻ എന്താണ് പറയുക? അതായത്, നിയമപ്രകാരം മാത്രമേ കാര്യങ്ങൾ ചെയ്യാൻ പറ്റുകയുള്ളൂ. Appropriate Authority-ക്കു മാത്രമേ കേസ് കൊടുക്കാൻ പറ്റുകയുള്ളൂ, ഗവൺമെന്റിന് കൊടുക്കാൻ പറ്റില്ല. പക്ഷേ ഗവൺമെന്റിൽ നിന്നും അവർക്ക് നിർദ്ദേശം കൊടുക്കാം. They are under the control. അല്ലെന്ന് ഞാൻ പറയുകയല്ല, അത് കൊടുക്കുമ്പോൾ സ്വാഭാവികമായും അതിനൊരു private complaint-ന്റെ nature മാത്രമേയുള്ളൂ. ഗവൺമെന്റ് പ്ലീഡർ എനിക്ക് അയച്ചുതന്ന ഫാക്സ് മെസ്സേജാണിത്. 156(3) അനുസരിച്ച് ഇതിനെപ്പറ്റി സമഗ്രമായി അന്വേഷിച്ച് ഏതു കേസ് രജിസ്റ്റർ ചെയ്യണം, എന്തുണ്ട് എന്നുള്ളതു സംബന്ധിച്ച് മജിസ്ട്രേട്ട് പോലീസ് സ്റ്റേഷനിലേക്ക് ഉത്തരവു കൊടുത്തു. അപ്പോഴാണ് മോഹനൻ എന്നു പറയുന്ന ഒരാൾ ഹൈക്കോടതിയിൽ പോയി ആ കേസ് നടത്തിപ്പ് പോലീസ് അന്വേഷിക്കണമെന്നുള്ള ഉത്തരവ് സ്റ്റേ ചെയ്തിരിക്കുന്നത്. നിങ്ങളാരെങ്കിലും ഈ ചെയറിലിരിക്കുകയാണെങ്കിൽ ഈ പരിതഃസ്ഥിതിയിൽ എന്താണ് ചെയ്യുക? അതാണ് ഒരു കാര്യം, രണ്ടാമത് ശ്രീ. ജേക്കബ് പുന്നൂസിന്റെ അന്വേഷണമാണ്. വരട്ടെ, Government is also anxiously waiting. എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് വെളിപ്പെടുത്താൻ ഗവൺമെന്റിന് ഉത്ക്കണ്ഠയുണ്ട്. പക്ഷേ മനുഷ്യാവകാശ കമ്മീഷൻ സാധാരണഗതിയിൽ ഒരു റിപ്പോർട്ട് ഞങ്ങൾക്ക് അയച്ചുതരും, വരട്ടെ, വരുമ്പോൾ ചെയ്യാം. മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനം തന്നെ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. അങ്ങനെയൊരു അവസ്ഥയിൽ ഇതല്ലാതെ ഞാൻ എന്താണ് പറയുക?

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലമായ തൊടുപുഴയിൽ ആദിവാസി കേന്ദ്രമായ പൂമാല എന്ന സ്ഥലത്താണ് ഇപ്പോൾ പരാമർശിക്കപ്പെടുന്ന വൃക്ക തട്ടിപ്പുമായി ബന്ധപ്പെട്ട സംഭവങ്ങളുണ്ടായിട്ടുള്ളത്. വൃക്ക തട്ടിപ്പ് ഏതെങ്കിലും ഒരു ഗവൺമെന്റിന്റെ കാലത്തുമാത്രമുള്ളതല്ല. ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ മണ്ഡലമായ മാരാരിക്കുളത്താണ് ഈ അടുത്ത കാലത്തായി സലിം എന്നു പേരുള്ള ഒരാൾ വൃക്ക തട്ടിപ്പിനിരയായത്. ഞാൻ ബഹുമാനപ്പെട്ട

മെമ്പർമാർ ചോദിച്ച ചോദ്യത്തോട് യോജിക്കുകയാണ്. ഇവിടെ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകേണ്ട ഒരു നടപടിയെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. ഒരു പ്രത്യേക പ്രദേശത്തുനിന്ന് ഏകദേശം അരഡസനിൽപ്പരം ആളുകൾ വൃക്ക ദാനം ചെയ്യാൻവേണ്ടി ഒരു പ്രത്യേക ആശുപത്രിയിലെത്തുമ്പോൾ അതു സംബന്ധിച്ച ഉത്തരവാദപ്പെട്ട കമ്മിറ്റി ഇതൊന്ന് ചൂണ്ടിക്കാണിക്കേണ്ടതായിരുന്നില്ലേ? ആ കമ്മിറ്റിയുടെ ഉത്തരവാദിത്വം പരിപൂർണ്ണമായും നിറവേറ്റപ്പെട്ടിട്ടുണ്ടോ? എന്റെ നിയോജകമണ്ഡലത്തിലെ പാവപ്പെട്ട ആളുകൾക്കൊക്കെ വൃക്കദാനവുമായി ബന്ധപ്പെട്ട് പതിനായിരവും ഇരുപത്തയ്യായിരവും രൂപയൊക്കെയേ കൊടുത്തിട്ടുള്ളൂ. അതുകൊണ്ട് ഇക്കാര്യം പരിശോധിച്ച് അതിൽ എന്തെങ്കിലും ക്രമക്കേടുകളുണ്ടായിട്ടുണ്ടെങ്കിൽ അന്വേഷിച്ച് നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ഇത്തരം കേസുകൾ വരുമ്പോൾ ഡോക്ടർമാർ—ന്യൂറോ സർജൻമാർ സ്വാഭാവികമായും അതിന്റെ പ്രൊസീഡുവർ അനുസരിച്ച് ചെയ്യും. അങ്ങനെ ചെയ്തപ്പോഴാണ് പരാതി വന്നത്. ആ പരാതി വന്നതിനുശേഷം ഇന്നുവരെ ഏഴ് കേസുകൾക്കു മാത്രമേ അവർ പെർമിഷൻ കൊടുത്തിട്ടുള്ളൂ. ജനശ്രദ്ധയാകർഷിക്കുന്ന തരത്തിലുള്ള സീനുണ്ടെന്ന് കാണുമ്പോഴാണ് അങ്ങ് പറഞ്ഞതുപോലെ ഉടനെതന്നെ അവർ അലർട്ട് ആകുന്നത്. അവർ അതിനെക്കുറിച്ച് ബോധവാൻമാരായി. Near relative അല്ലാത്തവർക്ക് വളരെ വളരെ കാര്യങ്ങൾ ചെയ്തു. അതിനെപ്പറ്റിയൊന്നും ഒരു പരാതിയുമുണ്ടായിട്ടില്ല. ആക്ടിൽ പറയുന്ന പ്രൊവിഷൻ അനുസരിച്ച് അവർ അന്ന് പ്രവർത്തിച്ചു. That's all.

ശ്രീ. ഷിബു ബേബി ജോൺ: സർ, വൃക്കദാനവുമായി ബന്ധപ്പെട്ട ചൂഷണം അവസാനിപ്പിക്കണമെന്നുള്ളതിൽ തർക്കമില്ല. ഇപ്പോൾ പഞ്ചനക്ഷത്ര ആശുപത്രികൾ തമ്മിൽ മൽസരമാണ്. ഇതിന്റെ ഭാഗമായി ഒരു വർഷത്തിൽ പത്ത് മുന്നൂറിൽപ്പരം വൃക്കകൾ മാറ്റുന്നവരെക്കുറിച്ച് ഒരു വാക്കും പറയാത്ത സ്ഥിതിക്ക് ഈ കമ്മിറ്റിയുടെ ശുപാർശയോടുകൂടി മാത്രം ചെയ്തിട്ടുള്ള പല ആശുപത്രികളേയും ടാർജറ്റ് ചെയ്യുന്നുമുണ്ട്. ഇതിന്റെ പേരിൽ നല്ലതുപോലെ പ്രവർത്തിക്കുന്ന ഡോക്ടർമാർ ഇന്ന് ഭയത്തിലാണ്. വൃക്ക മാറ്റി വയ്ക്കാൻ കറക്ടായിട്ടുള്ള സംവിധാനത്തിനു മുന്നിൽ പോലും ഡോക്ടർമാർ മാറി നിൽക്കുന്നു. അതിന്റെ ഫലമായി അനേകം മനുഷ്യജീവൻ നഷ്ടപ്പെടുകയാണ്. വൃക്കയുടെ ചൂഷണം ഫലപ്രദമായി തടഞ്ഞില്ലെങ്കിൽ അതിന്റെ ലൂപ് ഹോൾസ് ഉപയോഗിച്ചുകൊണ്ട് ചൂഷണം തടയാൻ ബോധവൽക്കരണ നടപടി കർശനമായി ഒരു ഭാഗത്തുണ്ടാകുമ്പോൾ മറുഭാഗത്ത് ന്യായമായി ഇത് ചെയ്യുന്ന ഹോസ്പിറ്റലുകളേയും ഡോക്ടർമാരേയും സംരക്ഷിക്കാനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: സർ, ബഹുമാനപ്പെട്ട മെമ്പർ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് പറഞ്ഞത്. The other side of the story. ഈ ആരോപണങ്ങളുടെ മറുവശമാണ് പറഞ്ഞത്. മനുഷ്യജീവൻ രക്ഷിക്കണ്ടേ, ശാസ്ത്രസാങ്കേതിക വൈദ്യഗുണം കിട്ടേണ്ടേ. ഇതിനൊക്കെ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. അത് ചെയ്യുന്നതിന് Appropriate Committeee-ക്ക് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് ആരെങ്കിലും ലംഘിക്കുകയാണെങ്കിൽ നടപടിയെടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY: ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: സർ, വൃക്ക തട്ടിപ്പിനെക്കുറിച്ച് ആദ്യം അന്വേഷിച്ച എറണാകുളത്തെ മുൻ ഡി.ഐ.ജി. ആയിരുന്ന മുഹമ്മദ് യാസീന്റെ അന്വേഷണത്തിൽ തന്നെ കരളലിയിക്കുന്ന കഥ വന്നിട്ടുണ്ട്. ഗർഭിണിയായ ഒരു സ്ത്രീയെ വളച്ചെടുത്ത് അവരുടെ ഗർഭം അലസിപ്പിച്ച് വൃക്ക തട്ടിപ്പിന് വിധേയമാക്കിയിട്ടുള്ള വസ്തുതകൾ വന്നിട്ടുണ്ട്. ഇങ്ങനെ ചെയ്യുന്ന സ്വകാര്യ ആശുപത്രികൾക്കു നേരെ.....

മി. സ്പീക്കർ: അങ്ങനെ പറഞ്ഞിട്ട് കാര്യമില്ല. നിങ്ങൾ ഒരു specific instance ചോദിക്കൂ. That is a very important issue. ഏതെങ്കിലും specific instance പറഞ്ഞിട്ട് അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അലസതയുണ്ടെന്ന് പറഞ്ഞാൽ ഞാൻ അസംബ്ലി കമ്മിറ്റിയെ വച്ച് അന്വേഷിപ്പിക്കാം.

ശ്രീ. മത്തായി ചാക്കോ: കോഴിക്കോട്ടുള്ള മജിസ്ട്രേട്ട് കോടതിയുടെ കേസിൽ, ഒരു കേസിൽ മാത്രമാണ് കോടതി പറഞ്ഞിരിക്കുന്നത്. മറ്റ് കേസുകളിൽ ഡി.ഐ.ജി.-യുടെ അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഏതെങ്കിലും തരത്തിൽ initiative എടുത്ത് അന്വേഷണം നടത്തിയിട്ടുണ്ടോ? കോഴിക്കോട് മജിസ്ട്രേട്ട് കോടതി കേസിന്റെ കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. ബാക്കി എല്ലാ പ്രശ്നങ്ങളും ഗവൺമെന്റിന്റെ മുമ്പിൽ നൽക്കുകയാണ്. ഗവൺമെന്റ് മുൻകൈയെടുത്ത് എല്ലാ പ്രശ്നങ്ങളിലും അന്വേഷണം നടത്താൻ തയ്യാറാകുമോ?

ശ്രീ. കടവൂർ ശിവദാസൻ: സർ, ഹൈക്കോടതി സ്റ്റേയിലും മജിസ്ട്രേട്ട് കോടതിയുടെ ഓർഡറിന്റേയുമൊക്കെ അപ്പുറത്ത് ഇനിയെന്തെങ്കിലും ഗവൺമെന്റ് ചെയ്യേണ്ടതുണ്ടോ എന്നുള്ളതിന്റെ നിയമോപദേശം തേടാം. ഹൈക്കോടതിയുടെ സ്റ്റേ ഇരിക്കുമ്പോൾതന്നെ further ആയിട്ട് ഇന്ന ഇന്ന കാര്യങ്ങൾ ചെയ്യാമെന്ന് നിയമോപദേശം കിട്ടിയാൽ അങ്ങനെ ചെയ്യാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വൃക്ക തട്ടിപ്പു കേസിൽ കൂടുതൽ പബ്ലിസിറ്റികൊണ്ട് ദുഃഖം അനുഭവിക്കുന്ന ആളുകളെക്കുറിച്ച് ഷിബു ബേബി ജോൺ ഇവിടെ പറഞ്ഞു. എനിക്ക് വളരെ വ്യക്തമായ ചില ഉദാഹരണങ്ങൾ ഉണ്ട്. നിയമത്തിൽ പറയുന്ന വിധത്തിലുള്ള ഒരു കമ്മിറ്റി, ആ കമ്മിറ്റി കൂടാൻ ഡോക്ടർമാർ ധൈര്യപ്പെടുന്നില്ല. കാരണം സ്വന്തമായി അടുത്ത ബന്ധുക്കളുടെ വൃക്ക കിട്ടാത്തതുകൊണ്ട് ആരുടെയെങ്കിലും വൃക്കവച്ച് ജീവൻ രക്ഷിക്കാൻ സാധിക്കുന്ന പല കേസുകളും ഈ കമ്മിറ്റി കൂടാത്തതുകൊണ്ട് അവർക്ക് transplantation-ലേക്ക് പോകാൻ കഴിയുന്നില്ല. അതുകൊണ്ട് ഈ ദുഃഖമനുഭവിക്കുന്ന ആളുകൾക്ക് പരിരക്ഷ നൽകുന്നതിനുവേണ്ടി എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ: സർ, പരിഹരിക്കേണ്ട ഒരു പ്രശ്നമാണ്. പബ്ലിക് ഒപ്പീനിയൻ ഒരു ഭാഗത്ത് കത്തി നിൽക്കുകയാണ്. അങ്ങനെയുള്ള genuine ആയിട്ടുള്ള കേസുകൾ കമ്മിറ്റി പരിശോധിക്കുന്നില്ലെങ്കിൽ, കമ്മിറ്റി കൂടി genuine ആയിട്ടുള്ള കേസുകൾ പരിശോധിക്കാൻ നിർദ്ദേശം കൊടുക്കാം.

ഡോ. കെ. സി. ജോസഫ്: സർ, ഷിബു ബേബിജോൺ ചോദിച്ച ചോദ്യത്തിന്റെ തുടർച്ചയാണ് ഞാൻ ചോദിക്കുന്നത്. വൃക്ക തട്ടിപ്പും കാര്യങ്ങളുമൊക്കെ വളരെ വ്യാപകമായി നടക്കുന്നുണ്ടെങ്കിലും നിരവധി ഡോക്ടർമാർ ഇവരുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി അവയവ ശസ്ത്രക്രിയക്കായി കാത്തിരിക്കുന്നു. വൃക്ക തട്ടിപ്പ് നടത്താതേയും എന്നാൽ രോഗികളുടെ ജീവൻ സംരക്ഷിക്കത്തക്ക വിധത്തിൽ ശസ്ത്രക്രിയ നടത്തിക്കൊണ്ട് പോകുന്നതിന് സുതാര്യമായ ഒരേർപ്പാടുണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? ഈ അവയവം transfer ചെയ്യുന്നതിനുവേണ്ടി എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്. അവ സമയബന്ധിതമായി പരിശോധിക്കുകയും അവയിൻമേൽ സുതാര്യമായ തീരുമാനമെടുത്ത് രോഗികളുടെ ജീവൻ സംരക്ഷിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്?

ശ്രീ. കടവൂർ ശിവദാസൻ: സർ, അപേക്ഷകളുടെ കണക്ക് എനിക്കറിഞ്ഞുകൂടാ. അങ്ങനെ കിടപ്പുണ്ടെങ്കിൽ അതന്വേഷിച്ച് സുതാര്യമായ രീതിയിൽ കൊടുക്കും. അത്യാവശ്യമുള്ള ആളുകൾക്ക് സുതാര്യമായി സ്നേഹത്തിന്റേയും affection or attachment or for any other reasons-ന്റെ അടിസ്ഥാനത്തിൽ നിയമപരമായ കടമകൾ കമ്മിറ്റി നിർവ്വഹിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം കൊടുക്കാം.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഇത്തരം തട്ടിപ്പുകൾ നടക്കുന്നുണ്ടെങ്കിൽ അതിനെ കർശനമായി നേരിടാൻ നടപടിയെടുക്കുമെന്നാണ് അങ്ങയുടെ മറുപടിയിൽ പറഞ്ഞിട്ടുള്ളത്. അത് സ്വാഗതം ചെയ്യുന്നു. പക്ഷേ പല സ്വകാര്യ ആശുപത്രികളിലും ആരോപണങ്ങൾക്ക് വിധേയമായി ഇത്തരം കാര്യങ്ങൾ നടക്കുന്നുണ്ട്. ഗവൺമെന്റ് ഇത് ഗൗരവതരമായി കാണണം. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ എന്റെ നിയോജകമണ്ഡലത്തിൽ എനിക്കനുഭവമുണ്ട്. അങ്ങയുടെ മറുപടിയിൽ പറഞ്ഞത് ഏഴ് കേസുകളിലാണ് കഴിഞ്ഞ അര കൊല്ലത്തിനിടയിൽ അനുമതി കൊടുത്തിരിക്കുന്നത് എന്നാണ്. ഏഴു പേരാണോ വൃക്ക transplantation നടത്താൻ ആവശ്യപ്പെട്ടിരിക്കുന്നത് അല്ല, നിരവധി പേർ ആവശ്യപ്പെട്ടിട്ട് ഏഴു പേർക്ക് മാത്രമാണോ കൊടുത്തിരിക്കുന്നത്? ഇതിന്റെ മറവിൽ തട്ടിപ്പ് നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. ഇത് കർശനമായി നേരിടേണ്ടതാവശ്യമാണ്. അതിന്റെ മറവിൽ ആവശ്യക്കാരായ രോഗികൾക്ക് കൊടുക്കാൻ ഈ കമ്മിറ്റി തയ്യാറാകുന്നില്ല, ബോധപൂർവ്വം ആ കമ്മിറ്റി കൂടുന്നില്ല. പല genuine ആയിട്ടുള്ള കേസുകളും ഈ കമ്മിറ്റി അംഗീകരിച്ചു കൊടുക്കുന്നില്ല. ആ കമ്മിറ്റി എപ്പോഴൊക്കെയാണ് യോഗം കൂടുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ: ആ കമ്മിറ്റിയിൽ വ്യക്തികളല്ല ആഫീസാണ്. പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം; പ്രൊഫസർ ആന്റ് ഹെഡ് ഓഫ് ദ ഡിപ്പാർട്ടുമെന്റ്, ഫോറൻസിക് മെഡിസിൻ, മെഡിക്കൽ കോളേജ് തിരുവനന്തപുരം; പ്രൊഫസർ ആന്റ് ഹെഡ് ഓഫ് ദ ഡിപ്പാർട്ടുമെന്റ്, ന്യൂറോ സർജറി, മെഡിക്കൽ കോളേജ് തിരുവനന്തപുരം, പ്രൊഫസർ ആന്റ് ഹെഡ് ഓഫ് ദ ഡിപ്പാർട്ടുമെന്റ് ന്യൂറോളജി, മെഡിക്കൽ കോളേജ്, തിരുവനന്തപുരം; ജില്ലാ മെഡിക്കൽ ആഫീസർ, ഹെൽത്ത് ഡിപ്പാർട്ടുമെന്റ്, തിരുവനന്തപുരം. ഇങ്ങനെ മൂന്നു മേഖലകളുണ്ട്. എല്ലായിടവും ഈ ആഫീസുകളാണ്. ഇതേ ആളുകൾ സെൻട്രൽ സോണിലും നോർത്ത് സോണിലുമുണ്ട്. പ്രിൻസിപ്പൽ, കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി, ആലപ്പുഴ, കോട്ടയം ഇവയൊക്കെ സെൻട്രൽ സോണിലെ ആഫീസുകളാണ്. നോർത്ത് സോണിൽ കോഴിക്കോടുള്ള ആളുകളാണ്. ഇത് സുതാര്യമായി നിയമപ്രകാരം നടക്കണമെന്ന് നമുക്ക് ആഗ്രഹ മുണ്ടെങ്കിൽ, നമ്മൾ ഇക്കാര്യങ്ങളെ സംബന്ധിച്ച് ആവശ്യത്തിന് നിരൂപണം നടത്തണം. പക്ഷേ ഡോക്ടർമാർ മനുഷ്യരാണ്. പബ്ലിക്കും എം.എൽ.എ.-മാരും, എം.പി.-മാരും ഗവൺമെന്റുമൊക്കെ നൽകുന്ന നല്ല അന്തരീക്ഷത്തിൽ മാത്രമേ ഇത് നിർബാധം ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാകുകയുള്ളൂ. ഞാൻ നിർദ്ദേശിക്കാം. പക്ഷേ പിറ്റേന്ന് പത്രത്തിൽ വരുമ്പോൾ സ്വാഭാവികമായും അവർ വളരെ കെയർഫുൾ ആകും. അങ്ങനെ ആകുമ്പോൾ ഇവിടെ പറഞ്ഞതുപോലെ അപകടങ്ങൾ ഉണ്ടാ കാൻ ഇടയാകും. ഒരു ഭാഗത്ത് ഇത് ആവശ്യമുള്ള രോഗികളുണ്ട്. മറുഭാഗത്ത് ചില ആളുകൾ ചൂഷണം ചെയ്യുന്നുണ്ട്. രണ്ടും നടക്കത്തക്ക രീതിയിൽ ഒരു ബാലൻസ്ഡ് വ്യൂ എടുത്താൽ ഒരു പ്രയാസവുമില്ലാതെ ചെയ്യാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. ബിനോയ് വിശ്വം: ആക്ടിലെ ഒരു ഭാഗം ഇവിടെ ആവർത്തിച്ചു പറഞ്ഞു. "Affection, attachment or any other reasons" പ്രശ്നം അതാണ്. ലക്ഷങ്ങളും കോടികളും വരെയുണ്ട്. പാവപ്പെട്ട 141 പേരുടെ പേര് ഇപ്പോൾതന്നെ വന്നുകഴിഞ്ഞിട്ടുണ്ട്. അതിൽ ഒട്ടേറെ ആദിവാസികളുണ്ട്. ഒരു പാവപ്പെട്ട സ്ത്രീ ഗർഭിണിയാണെന്നു കൂപ്പുകയ്യോടെ പറഞ്ഞിട്ടും കോടികൾക്കുവേണ്ടിയുള്ള കൈമാറ്റക്കാർ അവരെ പിടിച്ച് വൃക്ക മുറിച്ചുമാറ്റി. എനിക്ക് അറിയേണ്ടത്, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരു സ്റ്റേ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. സ്റ്റേ എന്നു പറയുന്നത് ലാസ്റ്റ് വേഡ് ആണോ; ആ സ്റ്റേ മാറ്റിക്കൂടേ; അത് വെക്കേറ്റ് ചെയ്യാൻ എന്തെല്ലാം സ്റ്റെപ്സ് എടുത്തുവെന്ന് വ്യക്തമാക്കണം. നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു. ഒന്നുകിൽ ഗവൺമെന്റ് സ്റ്റേ മാറ്റാൻ നടപടി സ്വീകരിക്കുമോ; അല്ലെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ നിയമസഭാ കമ്മിറ്റിയെ കൊണ്ട് അന്വേഷിപ്പിക്കാനുള്ള അനുകൂല നടപടി സ്വീകരിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: സർ, സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഫർദർ നടപടികൾ എടുക്കുന്നതിനും ഗവൺമെന്റ് തയ്യാറാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവാദിത്വം അദ്ദേഹം നിർവ്വഹിക്കും. സെൻട്രൽ ഗവൺമെന്റ് ആക്ടാണ്. ഇത് അമന്റ് ചെയ്യാൻ നമുക്ക് അവകാശമില്ല. സ്പെഷ്യൽ റീസൺസ് എന്നു പറഞ്ഞത് ദുർവ്യാഖ്യാനത്തിന് വിധേയമാണ്. ചിലപ്പോൾ വ്യാഖ്യാനം ചെയ്തുകാണും. ആക്ട് അങ്ങനെയാണ്. എന്താ ചെയ്ക.

ശ്രീ. എ. എൻ. രാജൻ ബാബു: വൃക്ക തട്ടിപ്പു സംബന്ധിച്ച് ധാരാളം പരാതികൾ ഉള്ളതിനാൽ കമ്മിറ്റികൾ അംഗീകരിച്ചിട്ടുള്ള കേസ്സുകളാണെങ്കിലും രേഖാമൂലം വൃക്ക ദാനം ചെയ്യുന്നതിന് ഉന്നതരായിട്ടുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി; എക്സിക്യൂട്ടീവ് മജിസ്ട്രേറ്റോ അല്ലെങ്കിൽ മജിസ്ട്രേറ്റിന്റെ മുമ്പാകെയോ ഹാജരായി രേഖപ്പെടുത്തി വൃക്ക ദാനം ചെയ്യുകയും അതതു രേഖകൾ കീപ്പ് ചെയ്യാൻ രജിസ്റ്റർ വയ്ക്കുകയും ഓപ്പറേഷൻ കഴിഞ്ഞാൽ ഓപ്പറേഷനുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ആതറൈസ്ഡ് ആഫീസറെ വച്ചുകൊണ്ട് കുറെക്കൂടി സുതാര്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഇക്കാര്യം അങ്ങേയ്ക്ക് അറിയാം. സെൻട്രൽ ആക്ടും സെൻട്രൽ ആക്ടിന്റെ പ്രൊസീഡുവറുമാണ്. നമുക്ക് അതിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കാമെന്നല്ലാതെ ഒന്നും ചെയ്യാനുള്ള അധികാരം ഇപ്പോൾ ഗവൺമെന്റിനില്ല.

ശ്രീ. എ. കെ. ബാലൻ: 1999 ജനുവരിക്കും 2002 മേയ് മാസത്തിനുമിടയിൽ മൊത്തം നടന്ന ഓപ്പറേഷൻ 361 ആണ്. അതിൽ അപരിചിതരുടെ വൃക്ക സ്വീകരിച്ചത് 248 ആണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലേയും കോഴിക്കോട് മെഡിക്കൽ കോളേജിലേയും ശസ്ത്രക്രിയ ന്യായമായതും നിയമപ്രകാരവുമാണ്. അതല്ലാതെ, കോഴിക്കോട് പി.വി.എസ്. ആശുപത്രിയിൽ നടന്ന 18 ശസ്ത്രക്രിയയിൽ 13 എണ്ണവും എറണാകുളം പി.വി.എസ്സിൽ നടന്ന 16 ശസ്ത്രക്രിയയിൽ 9 എണ്ണവും മെഡിക്കൽ ട്രസ്റ്റിൽ നടന്ന 78 ശസ്ത്രക്രിയയിൽ 38 എണ്ണവും വെസ്റ്റ് ഫോർട്ടിൽ നടന്ന 75 ശസ്ത്രക്രിയയിൽ 18 എണ്ണവും ഇത്തരത്തിൽ ഉള്ളതാണ്. അതുകൊണ്ട് ഈ നിയമസഭയിലെ ഡോക്ടർമാരായിട്ടുള്ള എം.എൽ.എ.-മാരുടെ ഒരു കമ്മിറ്റിയെവച്ച് സത്യാവസ്ഥ എന്താണെന്ന് അറിയുന്നതിന് ഒരു അന്വേഷണത്തിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കടവൂർ ശിവദാസൻ: ബേബി മെമ്മോറിയൽ ആശുപത്രിയിൽ 7, നാഷണൽ ആശുപത്രിയിൽ 11, പി.വി.എസ്. ആശുപത്രിയിൽ 1, ലിസ്സി ആശുപത്രി, എറണാകുളം 1, ഈ പറഞ്ഞ നമ്പറുകളൊക്കെ ശരിയാണ്. അതിൽ ക്രമക്കേട് നടന്നിട്ടുണ്ട് എന്ന് മെമ്പർ അദ്ദേഹത്തിന്റെ അഭിപ്രായം പറയുന്നു എന്നല്ലാതെ പോലീസ് ഇതു സംബന്ധിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്താൽ നേരത്തേ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ചെയ്യാം. ഡയറക്ടറുടെ റിപ്പോർട്ടിൽ പ്രഥമദൃഷ്ട്യാ ഡോക്ടർമാരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly